**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4351** **09-08-2021 - ൽ മറുപടിയ്ക്ക്**

**തമ്മാനിമറ്റത്തെ തൂക്കുപാലത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും 2018-ലെ മഹാപ്രളയത്തിൽ തകർന്നതുമായ പൂതൃക്ക പഞ്ചായത്തിലെ തമ്മാനിമറ്റത്ത് മൂവാറ്റുപുഴയാറിലെ തൂക്കുപാലം പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) | തമ്മാനിമറ്റം തൂക്കുപാലത്തിന്റെ നിർമ്മാണം ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് മൂവാറ്റുപുഴ പി.ഡബ്ല്യൂ.ഡി (റോഡ്സ് & ബ്രിഡ്ജസ്) വിഭാഗത്തിന്റെ കീഴിൽ Kerala Electrical and Allied Engineering Co.Ltd. (KEL), മാമലയാണ് നടത്തിയിട്ടുള്ളത്. ഇത്തരം നിർമ്മിതികൾ കേന്ദ്ര/ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിന് വിരുദ്ധമായതിനാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിച്ചതിന് അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)ന്റെ തടസ്സവാദം നിലനിൽക്കുന്നുണ്ട്. കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം, പ്രകൃതി ദുരന്തത്തിൽ തകർന്ന തൂക്കുപാലത്തിന്റെ അടിയന്തിര പുനരുദ്ധാരണം മാത്രമേ ഈ തുക വിനിയോഗിച്ച് സാധ്യമാകുകയുള്ളൂ. പുനർ നിർമ്മിക്കാൻ ഈ ഫണ്ട് വിനിയോഗിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ